വാരപ്പെട്ടി ടെക്നിക്കൽ ഹൈസ്കൂൾ കെട്ടിടനിർമ്മാണം

52(741) ശ്രീ. റ്റി. യു. കുരുവിള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സഭയെ മറുപടി നൽകുമോ :

(എ) കോതമംഗലം നിയോജകമണ്ഡലത്തിലെ വാരപ്പെട്ടി ടെക്നിക്കൽ ഹൈസ്കൂൾ കെട്ടിടം നിർമ്മിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ ;

(ബി) പ്രസ്തുത സ്കൂൾ കെട്ടിടം നിർമ്മിക്കുന്നതിലേക്ക് നബാർഡിൽ നിന്നും 1 കോടി 80 ലക്ഷം രൂപയുടെ 'ഇൻ പ്രിൻസിപ്പിൾ' സാങ്ഷൻ ലഭിച്ചിരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) എങ്കിൽ പ്രസ്തുത തുക നബാർഡിൽ നിന്നും ലഭിക്കുന്നതിന് പിന്നീട് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ ;

(ഡി) പ്രസ്തുത സ്കൂൾ കെട്ടിടം നിർമ്മിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) വാരപ്പെട്ടി ടെക്നിക്കൽ ഹൈസ്കൂളിന്റെ കെട്ടിട നിർമ്മാണത്തിനായി 225 ലക്ഷം രൂപയുടെ വിശദമായ പ്ലാനും എസ്റ്റിമേറ്റും ഭരണാനുമതിക്കായി സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ 15-11-2010-ൽ സമർപ്പിച്ചു. ആയത് 6-12-2010-ൽ കൂടിയ വർക്കിംഗ് ഗ്രൂപ്പ് പരിശോധിക്കുകയും ബഡ്ജറ്റിൽ തുക വകയിരുത്തിയിരിക്കുന്നത് സ്ഥലം ഏറ്റെടുക്കാനായതിനാൽ പരിഗണിക്കാനാവില്ല എന്ന് തീരുമാനിക്കുകയും ആയത് സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറെ അറിയിക്കുകയും ചെയ്തിട്ടുണ്ട്. തുടർന്ന് പ്രസ്തുത പ്രൊപ്പോസൽ പരിഗണിക്കണമെന്ന് വീണ്ടും സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ ആവശ്യപ്പെടുകയും ഗവൺമെന്റ് ആയത് പരിശോധിച്ചുവരികയുമാണ്.

(ബി) ഉണ്ട്. നബാർഡിന് പ്രൊപ്പോസൽ അയയ്ക്കാൻ 'ഇൻ പ്രിൻസിപ്പിൾ' ഭരണാനുമതി ആവശ്യമായതിനാൽ സർക്കാർ അനുമതി നൽകിയിട്ടുള്ളതും അതിൻ പ്രകാരം നബാർഡിന് സമർപ്പിച്ച് നിരസിച്ചിട്ടുള്ളതുമാണ്.

(സി) അടുത്ത വർഷത്തെ നബാർഡ് പ്രൊപ്പോസലിൽ വീണ്ടും ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്നു.

(ഡി) വർക്കിംഗ് ഗ്രൂപ്പ് പരിഗണിക്കുകയും ബഡ്ജറ്റിൽ തുക വകയിരുത്തുകയും ചെയ്യുന്ന മുറയ്ക്ക് പ്രസ്തുത സ്കൂൾ കെട്ടിടം നിർമ്മിക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly